ഉത്തരം

(എ) ഉണ്ട്.

(ബി&സി) പുതിയങ്ങാടി-ഉള്ളിയേരി റോഡിന്റെ മൊത്തമായ പരിഷ്ക്കരണത്തിനായി 1522 ലക്ഷം രൂപ അടങ്കൽ തുകയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്ന മുറയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

മഞ്ചേരി സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ റോഡിന്റെ പണി

70 (667) ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ റോഡ്, അഹമ്മദ് കുരിക്കൾ മെമ്മോറിയൽ റോഡ് എന്നിവയുടെ പണി തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;

(സി) അടിയന്തിരമായി അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മഞ്ചേരി സി. എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ റോഡിന്റേയും അഹമ്മദ് കുരിക്കൾ മെമ്മോറിയൽ റോഡിന്റെയും പണികൾ വളരെ മുമ്പുതന്നെ ചെയ്തു തീർത്തിട്ടുള്ളതാണ്. പ്രസ്തുത റോഡുകളുടെ ഉപരിതലം ബലപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

വിദ്യാഭ്യാസ നയത്തിൽ വരുത്തിയ മാറ്റങ്ങൾ

71 (668) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. വി. ജയരാജൻ :
ഡോ. തോമസ് ഐസക് :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു വളരെ വർഷങ്ങളായി നിലനിൽക്കുന്ന സാർവ്വത്രികവും സൗജന്യവുമായ സ്കൂൾ വിദ്യാഭ്യാസം എന്ന വിദ്യാഭ്യാസ നയത്തിനു മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണ് മാറ്റങ്ങൾ ;

(ബി) എട്ട്, ഒൻപത്, ക്ലാസ്സുകളിൽ കമ്പ്യൂട്ടർ പഠനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കമ്പ്യൂട്ടർ പഠനം ഈ ക്ലാസ്സുകളിൽ നിർബന്ധമാക്കിയിട്ടുണ്ടോ ;

(സി) കമ്പ്യൂട്ടർ പഠനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ഫീസ് എത്ര ; ഇതിൽ നിന്നും ഏതെല്ലാം വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കമ്പ്യൂട്ടർ പഠനത്തിനു ഏർപ്പെടുത്തിയിട്ടുള്ള ഫീസ് പിരിവു വഴി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനും കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള ചുമതല ഇപ്പോൾ ആർക്കാണ് ;

(ഇ) കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കുന്നതും ഫീസ് ചുമത്തുന്നതുംമൂലം ഹൈസ്കൂളുകളിൽ നിന്ന് വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാറ്റം വരുത്തിയിട്ടില്ല.

(ബി) ഉണ്ട്.

(സി) കമ്പ്യൂട്ടർ പഠനത്തിനായി ഒരു വിദ്യാർത്ഥിയിൽ നിന്നും പരമാവധി 25 രൂപ പിരിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ഇളവു നൽകിയിട്ടുണ്ട്.

(ഡി) സ്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള സ്കൂൾ അഡൈസറി കൗൺസിലിന്റെ സെക്രട്ടറിയായി സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പലിനാണ് ഫീസ് പിരിക്കുന്നതിനുള്ള ചുമതല.

(ഇ) കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കിയതു കൊണ്ടും ഫീസ് പിരിക്കുന്നതുകൊണ്ടും വിദ്യാർത്ഥികൾ കൊഴിഞ്ഞ് പോകുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

മാനേജ്മെന്റിന് കലാലയങ്ങളിൽ രാഷ്ട്രീയം നിരോധിക്കാമെന്നുള്ള ഹൈക്കോടതി വിധി

72 (669) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാലയങ്ങളിൽ മാനേജ്മെന്റിന് രാഷ്ട്രീയം നിരോധിക്കുവാനുള്ള അധികാരമുണ്ടെന്ന ഹൈക്കോടതി വിധി പുറപ്പെടുവിക്കുന്നതിനുമുമ്പ് വിദ്യാർത്ഥി, അദ്ധ്യാപക, രക്ഷാകർതൃ സംഘടനകൾ, സർവ്വകലാശാല പ്രതിനിധികൾ മുതലായവർക്ക് ഇക്കാര്യത്തിൽ പറയാനുള്ളത് പറയുവാൻ ഒരു സന്ദർഭം ഹൈക്കോടതി നൽകിയിരുന്നുവോ ;

(ബി) കലാലയങ്ങളിൽ രാഷ്ടീയം നിരോധിക്കുന്നപക്ഷം അത് പതിനെട്ട് വയസ്സിൽ വോട്ടവകാശം കിട്ടുന്ന വിദ്യാർത്ഥികളായിട്ടുള്ള പൗരന്മാർക്ക് ലഭിക്കേണ്ട രാഷ്ട്രീയ അവബോധവും പരിശീലനവും തടയുന്നതിനിടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly